(ബി) സ്ത്രീകളുടേയും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ദുർബ്ബല വിഭാഗങ്ങളുടേയും നേരെയുണ്ടായിട്ടുള്ള പീഡനങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞവർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര പ്രതികളെ അറസ്റ്റുചെയ്തു;

(ഡി) എത്ര കേസുകളിൽ ശിക്ഷിച്ചു;

(ഇ) ഇനി എത്ര പ്രതികളെ പിടികിട്ടാനുണ്ട്?

ഉത്തരം

(എ) കുറ്റകൃത്യങ്ങൾ നേരിയതോതിൽ വർദ്ധിച്ചതായി കാണുന്നു. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 3588
(സി) 5295
(ഡി) 87
(ഇ) 374.

ലോക്കപ്പു കൊലപാതകങ്ങൾ

337 [369] ശ്രീ. കെ. പി. പ്രഭാകരൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. ടി. കുമാരൻ:
,, എം. കെ. കേശവൻ:
,, കെ. ഇ. ഇസ്മയിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി എത്തെല്ലാം ലോക്കപ്പ് കൊലപാതകങ്ങൾ നടന്നിട്ടുണ്ട്";

(ബി) അവയിൽ എല്ലാംകൂടി എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്; അവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) അവയെക്കുറിച്ച് അന്വേഷിക്കുവാൻ എത്ര കമ്മീഷനുകളെ നിയമിച്ചു;

(ഡി) അവയിൽ എത്തെല്ലാം കമ്മീഷനുകളുടെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്;

(ഇ) ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 9 ലോക്കപ്പുമരണങ്ങൾ നടന്നിട്ടുണ്ട്. അവയിൽ മൂന്നെണ്ണം കൊലപാതകങ്ങളാണെന്ന് തെളിഞ്ഞിട്ടുണ്ട്. അവ പേരൂർക്കട, വെള്ളറട, കോന്നി എന്നീ പോലീസ് സ്റ്റേഷനുകളിൽ നടന്നിട്ടുള്ളവയാണ്.

(ബി) മൂന്നുപേർ. പേരൂർക്കട ലോക്കപ്പിൽ വച്ച് മരിച്ചത് സുധൻ എന്നയാളും, വെള്ളറടയിലേത് തങ്കയ്യൻ എന്നയാളും, കോന്നിയിലേത് ജോസ് സെബാസ്റ്റ്യൻ എന്നയാളുമാണ്.

(സി) ഒന്ന്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒന്ന്.

(ഇ) പേരൂർക്കട സംഭവത്തിൽ കമ്മിഷൻ കുറ്റക്കാരെന്നുകണ്ട പോലീസ് ഉദ്യോഗസ്ഥൻമാരുടെ മേൽ ശിക്ഷണനടപടി കൈക്കൊള്ളാൻ പോലീസ് ഡയറക്ടർ ജനറലിനോട്, ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ടോ യിരുന്നു. കമ്മിഷൻ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ നടപടി കൈ സ്വീകരിച്ചുവരുന്നു.

എസ്.. ഐ. മാരുടെ സ്ഥലം മാറ്റം

338 [370] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടുകൊല്ലത്തെ സർവ്വീസ് പൂർത്തിയാക്കാത്ത സബ് ഇൻസ്പെക്ടർമാരെ സ്ഥലം മാറ്റാൻ പാടില്ല എന്ന നിയമമോ സർക്കാർ ഉത്തരവോ ഉണ്ടോ;

(ബി) ഇത് മറികടന്ന് സ്ഥലം മാറ്റം നടത്തിയതായുള്ള പരാതി ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഈ കാര്യത്തെസംബന്ധിച്ച് സർക്കാർ ഉത്തരവുകൾ ഒന്നും ഇല്ല. എന്നാൽ ഡി. ജി. പി. യുടെ 1-1-1986-ലെ 1/86-ാം നമ്പർ സർക്കുലറിൽ എസ്. ഐ. മാരെ സ്ഥലം മാറ്റുമ്പോൾ അവർ കുറഞ്ഞ പക്ഷം രണ്ടുവർഷമെങ്കിലും ജോലി നോക്കുന്ന സ്റ്റേഷനിൽ തുടർച്ചയായി ജോലി നോക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാ ണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

സർക്കിൾ ഇൻസ്പെക്ടറാഫീസുകളിൽ ഫോണും ഫർണിച്ചറും ലഭ്യമാക്കാൻ നടപടി

339 [371] ശ്രീ. എസ്.. ആർ. തങ്കരാജ്: താഴെ കാണുണ ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ്സേനയുടെ ഫലപ്രദമായ പ്രവർത്തനത്തിനു വേണ്ടി പുതിയതായി രൂപംകൊണ്ട സർക്കിൾ ഇൻസ്പെക്ടർ ഓഫീസു കളിൽ ഫോണും ഫർണിച്ചറും ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിയന്തിരമായി അവിടെ ടെലിഫോൺ കണക്ഷൻ ലഭ്യമാക്കാൻവേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly